# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038. KERALA
PHONE 8499 8234

വാല്യം 5 | 1988 മെയ് 27 | ലക്കം 16


# ഇടുക്കി ഭദ്രാസനകേന്ദ്രം കൂദാശ ജൂൺ 10 ന്

സ്റ്റാഫ് റിപ്പോർട്ടർ



പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് കൂദാശചെയ്യുന്ന ഇടുക്കി ഭദ്രാസന കേന്ദ്രം.

ചക്കുപള്ളം: ഇടുക്കി ഭദ്രാസനാസ്ഥാനമന്ദിരം പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് ജൂൺ 10–ാം തീയതി കൂദാശ ചെയ്യുന്നതാണ്. കൂദാശാകർമ്മങ്ങളിൽ ഇടുക്കി ഭദ്രാസനത്തിന്റെ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ സഹകാർമ്മികത്വം വഹിക്കും.

തേക്കടിയിൽനിന്ന് ഉദ്ദേശം 8 കിലോമീററർ അകലെ കുങ്കുരിപ്പെട്ടി സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിക്കു സമീപം സ്ഥിതിചെയ്യുന്ന ഭദ്രാസന ആസ്ഥാനത്തിന് അഞ്ചര ഏക്കറോളം സ്ഥലം സ്വന്തമായുണ്ട്.

1982–ൽ ഭദ്രാസന രൂപീകരണം ഉണ്ടായതിനുശേഷം മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ അക്ഷീണ പരിശ്രമഫലമായി പടുത്തുയർത്തിയ. ഈ സ്ഥാപനം കേരളത്തിന്റെ കിഴക്കൻ മേഖലയിൽ ഓർത്തഡോക്സ് സഭയുടെ ശക്തി ദുർഗ്ഗമായി നിലകൊള്ളുന്നു.

അരമന കൂദാശയ്ക്കായി ജൂൺ 10–ാം തീയതി രാവിലെ കുങ്കുരിപ്പെട്ടി ഓർത്തഡോക്സ് ദേവാലയത്തിലെത്തിച്ചേരുന്ന പരിശുദ്ധ കാതോലിക്കാ ബാവായെ, ഭദ്രാസനാസ്ഥാനമായ ഗെദ്സിമോൻ അരമനയിലേക്ക് ആഘോഷ സമന്വിതമായി വരവേല്ക്കും. കൂദാശാനന്തരം പൊതുസമ്മേളനവും ഉണ്ടായിരിക്കും. നെററിത്തൊഴു, വലിയതോവാള, ശാന്തിഗ്രാം എന്നിവിടങ്ങളിൽ വികാരിയായിരിക്കുന്ന ഫാ: എം. സി. ഏബ്രഹാം ഇപ്പോൾ അരമനയുടെ മാനേജരായി സേവനം അനുഷ്ടിക്കുന്നു.

## റഷ്യൻസഭാ സഹസ്രാബ്ദി: പ. ബാവായ്ക്കു പ്രത്യേക ക്ഷണം

കോട്ടയം: റഷ്യൻ ഓർത്തഡോക്സ് സഭയുടെ സഹസ്രാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ ഇൻഡ്യൻ ഓർത്തഡോക്സ്സഭയുടെ പരമാദ്ധ്യക്ഷൻ പ: ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസിലേക്ക് പ്രത്യേക ക്ഷണം ലഭിച്ചു.

പരിശുദ്ധ ബാവാ തിരുമേനിയ്ക്കുവേണ്ടി എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽനിന്നുള്ള അഞ്ചംഗപ്രതിനിധിസംഘം ആഘോഷങ്ങളിൽ പങ്കെടുക്കും. ഫിലിപ്പോസ് മാർ തെയോഫിലോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ പ്രതിനിധി സംഘത്തിന് നേതൃത്വം നല്കും. മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, പൗലൂസ് മാർ മിലിത്തിയോസ് എന്നീ എപ്പിസ്ക്കോപ്പന്മാരാണ് പ്രതിനിധി സംഘത്തിത്തിലെ മററംഗങ്ങൾ.

## യുവജനപ്രസ്ഥാനം വാർഷികസമ്മേളനം സമാപിച്ചു

ചെങ്ങന്നൂർ: മെയ് 19 മുതൽ പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ നടന്നുവന്ന മലങ്കര ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം 21 ന് സമാപിച്ചു.

ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനസമ്മേളനം 19–ാം തീയതി രാവിലെ 11.30 ന് പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. തോമസ് കുതിരവട്ടം എം. പി. ഷീലാ തോമസ് ഐ. എ. എസ്, എന്നിവർ പ്രസംഗിച്ചു. മിഖായേൽ ഗബ്രിയേൽ ഏബ്രഹാം കോർ എപ്പിസ്ക്കോപ്പാ സ്വാഗതവും ഫാ. ഒ. തോമസ് കൃതജ്ഞതയും പറഞ്ഞു.

തുടർന്ന് നടന്ന ഓരോ ദിവസത്തേയും ക്ലാസ്സുകൾക്ക് ഗീവറുഗീസ് മാർ ഒസ്താത്തിയോസ്; ഫാ. ററി. ജെ. ജോഷ്വാ, ഫാ. പി. എം. പോൾ, ഡോ. എം. എം. തോമസ്, ഫാ. മാത്യു വൈദ്യൻ ഫാ. എം. എ. മത്തായി എന്നിവർ നേതൃത്വം നൽകി.

ആദ്ധ്യാത്മികതയും, സാമൂഹ്യ പ്രതിബദ്ധതയും' എന്നതായിരുന്നു ഈ വർഷത്തെ പ്രധാന ചിന്താവിഷയം.

സമാപന സമ്മേളനത്തിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

# വചനത്തിന്റെ സുവർണ്ണം

1988 മെയ് 19 ന് പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് നടന്ന ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ 52–ാം വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ. ബാവാ തിരുമേനി ചെയ്ത പ്രസംഗം.



അഭിവന്ദ്യ തിരുമേനിമാരെ, വിശിഷ്ടാതിഥികളേ, വാത്സല്യ മക്കളേ,

നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ 52–ാം വാർഷികം ആഘോഷിക്കുന്നതിനാണല്ലോ നാം ഇവിടെ കൂടിവന്നിരിക്കുന്നത്. മിക്കവാറും എല്ലാ വാർഷിക സമ്മേളനങ്ങളിലും നാം പങ്കെടുക്കാറുണ്ട്. ഇപ്രകാരം നിങ്ങളെ എല്ലാവരേയും ഒരുമിച്ച് കാണുവാൻ സാധിക്കുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. അതുകൊണ്ടാണ് വാർദ്ധക്യ സഹജമായ ക്ലേശങ്ങൾ വകവെയ്ക്കാതെ നാം ഇപ്രകാരമുള്ള യോഗങ്ങളിൽ പങ്കെടുക്കുന്നത്. ഇവിടെ കൂടിവന്നിരിക്കുന്ന നിങ്ങൾ എല്ലാവരേയും സംബന്ധിച്ചിടത്തോളവും ഈ അവസരം വിലപ്പെട്ടതായിരിക്കുമെന്ന് നാം കരുതുന്നു. പരസ്പരം പരിചയപ്പെടുന്നതിനും, അറിവുകൾ വികസിപ്പിക്കുന്നതിനും, കൂട്ടമായി ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും, ഇത്തരം സമ്മേളനങ്ങൾക്ക് സാധിക്കും.

സഭാചരിത്രത്തിൽ വളരെയേറെ സ്ഥാനം പിടിച്ചിട്ടുള്ള ഒരു പള്ളിയിലാണ് നാം ഇപ്പോൾ സമ്മേളിച്ചിരിക്കുന്നത്. മഹാരഥൻമാരായ രണ്ട് മലങ്കര മെത്രാപ്പോലീത്തൻമാരും, പുത്തൻകാവ് കൊച്ചു തിരുമേനിയും ഇവിടെയാണ് അന്ത്യവിശ്രമം കൊള്ളുന്നത്. ഈ പുണ്യഭൂമിയിൽ നാം സമ്മേളിക്കുമ്പോൾ അവരുടെ കാലടികൾ പിന്തുടരുവാൻ നമുക്കു കഴിയട്ടെ എന്ന് ആദ്യമായി നാം പ്രാർത്ഥിക്കുന്നു.

ഏതൊരു സമൂഹത്തിന്റേയും, സംഘടനയുടേയും ശക്തികേന്ദ്രമാണ് യുവജനങ്ങൾ. കർമ്മശേഷിയുടേയും, ഊർജ്ജസ്വലതയുടേയും കാലമാണ് യൗവനം. ഭാവിയെപ്പററി അവശ്യംവേണ്ട തീരുമാനങ്ങൾ ചെയ്യുന്നതും, മുന്നോട്ടു നീങ്ങേണ്ട മാർഗ്ഗങ്ങൾ തേടുന്നതും യൗവനത്തിലാണ്. ''നിന്റെ യൗവനശക്തി അന്യൻമാർക്കു കൊടുക്കരുത്.'' എന്ന് സദൃശ്യവാക്യങ്ങളിലും, ''ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്'' എന്ന് പരിശുദ്ധനായ പൗലൂസ് ശ്ലീഹാ തീമോഥിയോസിനോടും പറയുന്നതായി നാം വി: വേദപുസ്തകത്തിൽ കാണുന്നുണ്ട്. ഇതിൽനിന്ന് യൗവനകാലം സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യേണ്ടതാണെന്ന് മനസിലാക്കാവുന്നതാണ്. യൗവനകാലത്ത് വീഴ്ച കൂടാതെ ജീവിക്കുവാൻ എന്തു ചെയ്യണമെന്ന് സഭാ പ്രസംഗി ചൂണ്ടിക്കാണിക്കുന്നുണ്ട്. ''യൗവനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക, നിന്റെ ദേഹത്തിൽനിന്ന് തിന്മ നീക്കിക്കളയുക'' (12:1) ഇത് യുവാക്കൾ ശ്രദ്ധാപൂർവ്വം മനസിലാക്കണം.

യുവജനങ്ങളെ സംരക്ഷിക്കേണ്ടതും, ശരിയായ പാതയിൽ നയിക്കേണ്ടതും സഭയുടെ കർത്തവ്യമാണ്. ഈ രംഗത്ത് സഭയുടെ യുവജനപ്രസ്ഥാനം ആവുംവിധം പ്രവർത്തിക്കുന്നു എന്നത് ആശ്വാസകരമാണ്. സഭയുടെ വിവിധ പ്രവർത്തനങ്ങളിൽ യുവാക്കൾ പങ്കുചേരണം. യുവാക്കളെ സഹകരിപ്പിക്കുന്നതിൽ ബന്ധപ്പെട്ടവർ ശ്രദ്ധിക്കയും വേണം.

''ആദ്ധ്യാത്മികതയും സാമൂഹ്യ പ്രതിബദ്ധതയും'' എന്ന ഈ കോൺഫറൻസിന്റെ ചിന്താവിഷയം വളരെ ശ്രദ്ധേയമാണ്. ആദ്ധ്യാത്മികതയിൽ അടിയുറച്ച് വളരുകയും പ്രവർത്തിക്കയും ചെയ്യുന്ന ഒരു നേതൃത്വം സമൂഹത്തിന്റെ അനുഗ്രഹമാണ്. സമൂഹത്തോടുള്ള കടമകൾ വേണ്ടുംവിധം നിറവേ

(ശേഷം 6–ാം പേജിൽ)

## ഡോ. ചന്ദനപ്പള്ളി റിസേർച്ച്പ്രൊഫസ്സറും ഗൈഡും

പത്തനംതിട്ട കാതോലിക്കേററ് കോളേജിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന മഹാത്മാഗാന്ധി യൂണിവേഴ്സിററി മലയാളം റിസേർച്ച് സെൻററിന്റെ പ്രൊഫസ്സറും ഗൈഡും ആയി ഡോ. സാമുവൽ ചന്ദനപ്പള്ളി ചാർജെടുത്തിരിക്കുന്നു.

## വചനത്തിൻെറ സുവർണ്ണം...

(1-ാം പേജിൽനിന്നു തുടർച്ച)

റുവാൻ ആദ്ധ്യാത്മിക മൂല്യങ്ങൾ മുറുകെപിടിക്കുന്നവർക്കും, അവ പാലിക്കുന്നവർക്കും മാത്രമേ സാധിക്കയുള്ളു. നിങ്ങളുടെ ആത്മീയ ജീവൻ നിങ്ങൾ പുഷ്ടിപ്പെടുത്തണം. അതിനു വേണ്ട കാര്യങ്ങൾക്ക് ജീവിതത്തിൽ പ്രഥമസ്ഥാനം നല്കണം.

പ്രിയ മക്കളേ, ഇപ്പോൾ പെന്തിക്കോസ്തിക്കുമുമ്പുള്ള കാത്തിരിപ്പിൻെറ ദിവസങ്ങളാണ് എന്ന് നിങ്ങൾക്ക് അറിയാമല്ലോ. പരിശുദ്ധാത്മ വ്യാപാരം നിങ്ങളിലും പ: സഭയിലും സമൃദ്ധിയായി ഉണ്ടാകുവാൻ നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം.

ഈ കോൺഫറൻസ് നിങ്ങളുടെ ജീവിതത്തിൽ മായാത്ത അനുഭവങ്ങൾ പ്രദാനം ചെയ്യട്ടെ. ഇതിൻെറ എല്ലാ പ്രവത്തകരേയും നാം അഭിനന്ദിക്കുന്നു. ഹൃദയംനിറഞ്ഞ സന്തോഷത്തോടും പ്രാത്ഥനയോടുംകൂടി ഈ വർഷത്തെ കോൺഫറൻസ് നാം ഉദ്ഘാടനം ചെയ്തുകൊള്ളുന്നു. നിങ്ങൾക്ക് നാം നന്മകൾ നേരുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## മദ്യ വർജ്ജന സമിതി ജൂബിലി പ.ബാവാ ഉദ്ഘാടനം ചെയ്തു

കോട്ടയം: കേരളത്തിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങൾ നേതൃത്വം നല്കുന്ന സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതിയുടെ ഒരു വർഷം നീണ്ടുനില്ക്കുന്നരജത ജൂബിലി ആഘോഷങ്ങൾ മെയ് 21-ന് പ. കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് കോട്ടയത്തു് ഉദ്ഘാടനം ചെയ്തു. മദ്യവജ്ജനസമിതി പ്രസിഡൻറ് ബിഷപ്പ് ഡോ. ജോസഫ് പള്ളിക്കാപ്പറമ്പിൽ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു

ഏബ്രഹാം മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ; ബിഷപ്പ് ഡോ: എം. സി. മാണി; സഖറിയാസ് മാർ തിയോഫിലോസ് എപ്പിസ്കോപ്പാ; എ. എം. തോമസ്; ഡോ: സിറിയക്ക് തോമസ്; ഫാ. ജോർജ് വെള്ളാപ്പള്ളി എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ചർച്ചാ സമ്മേളനത്തിൽ ഫാ: ജേക്കബ് പുലിക്കോട്ടിൽ മോഡറേററായിരുന്നു.

ഫാ. കുറിയാക്കോസ് പാറയ്ക്കൽ കോർ എപ്പിസ്കോപ്പാ; കെ. വി. മാമ്മൻ; വെട്ടം തോമസ്; സി. യു. മാത്യു; കെ. ഇ. മാമ്മൻ എന്നിവർ ചർച്ചകൾക്ക്നേതൃത്വംനല്കി.

# ഒരു ദീർഘകാല സഹചാരിയുടെ അനുസ്മരണം

## റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പ



വെരി. റവ. റമ്പാൻ തെയോഫോറസ് കോർ എപ്പിസ്കോപ്പാ

കാലം ചെയ്ത പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനിയോടൊപ്പം 1948-ൽ പത്തനംതിട്ട ബേസിൽ ദയറായിൽ ചേരുമ്പോൾ ബഹു: പി. ഇ. ദാനിയേൽ അച്ചൻ ഞങ്ങളുടെ നേതാവായിരുന്നു. അന്നു ദയറായിൽ പി. ജി. ജോർജ്ജ് ശെമ്മാശൻ; ഏ. ററി. ഗബ്രിയേൽ ശെമ്മാശൻ, പി. എസ്. ശാമുവേൽ ശെമ്മാശൻ; ററി. എം. വർഗീസ്; സി. പി. ചാണ്ടി; എം. ജി. ചെറിയാൻ തുടങ്ങി ഞങ്ങൾ 15 പേരോളം താമസമുണ്ടായിരുന്നു. കർമ്മകുശലനായി ളാക്കുർ വി. സി. ജോർജ്ജച്ചൻ ഓടിനടന്ന് പുത്തൻകാവിൽ തിരുമേനിക്കുവേണ്ടി അനേകം വൻകാര്യങ്ങൾ നേടുമ്പോൾ അവയെല്ലാം ഓഫീസിലിരുന്ന് നിയന്ത്രിക്കുന്നതും കോഡീകരിക്കുന്നതും ക്രമീകരിക്കുന്നതും ഭദ്രാസന സെക്രട്ടറിയായിരുന്ന ദാനിയേൽ അച്ചൻ (ഇപ്പോഴത്തെ പീലക്സിനോസ് തിരുമേനി) ആയിരുന്നു.

അദ്ദേഹത്തിൻെറ കൃത്യനിഷ്ഠ; അത്യദ്ധ്വാനം; പ്രാത്ഥനാ ജീവിതം; ഓത്തഡോക്സ് സഭാ ഭക്തി എന്നിവ അദ്ദേഹത്തെ സമൂഹത്തിൽ നേതൃസ്ഥാനത്തേക്കുയർത്തിയിരുന്നു. കാതോലിക്കേററ് ഹൈസ്ക്കുളിലെ സയൻസ് അദ്ധ്യാപകനായിരിക്കുമ്പോൾ നൂറു ശതമാനം വിജയം ഉണ്ടാക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അതുപോലെതന്നെ കാതോലിക്കേററ് കോളേജിൻെറ ആദ്യ പ്രിൻസിപ്പൽ എന്ന നിലയിൽ കോളജിൻെറ ഉത്കർഷത്തിനുവേണ്ടി അദ്ദേഹം വളരെയേറെ പ്രവർത്തിച്ചിട്ടുണ്ട്.

1951-ൽ പുത്തൻകാവിൽ തിരുമേനി കാലം ചെയ്തപ്പോൾ ബഹു. ദാനിയേൽ അച്ചനെ മെത്രാൻ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തു. 1953-ൽ അദ്ദേഹം മെത്രാപ്പോലീത്താ ആയി തുമ്പമൺ ഭദ്രാസന ഭരണം ഏററു.

1953 മുതൽ 83 വരെ അദ്ദേത്തിൻെറ ഭദ്രാസന സെക്രട്ടറിയായി സേവനം ചെയ്യുവാൻ ദൈവം എനിക്കവസരം തന്നു. അഭിവന്ദ്യ തിരുമേനിയുടെ ഈ പിറന്നാൾ ആഘോഷവേളയിൽ ആയുരാരോഗ്യങ്ങളും എല്ലാവിധ നന്മകളും ആശംസിക്കുന്നു.


# മാർ കുറിയാക്കോസ് ആശ്രമം

## മൈലപ്ര

## കുമ്പഴ ടൂറിസ്റ്റ് ഹോം

(ട്രാൻസ്പോർട്ട് സ്റ്റാൻഡിനു സമീപം)

പത്തനംതിട്ട

Phone: 2638, 2268 Res- 2382, 2218

- മാസ ദിവസ വാടകമുറികൾ
- മിതമായ ചാർജ്
- ആധുനികവും വിശാലവുമായ ഓഡിറേറാറിയം
- വാഹന പാർക്കിംഗ് സൗകര്യം

**സഹോദരീസ്ഥാപനങ്ങൾ**

**കുമ്പഴ ചിട്ടിഫണ്ട്** പത്തനംതിട്ട

**നെടുംപുറത്തു് ചിട്ടിഫണ്ട്** കുമ്പഴ

*With Best Compliments of:*

Phone: 369

## Christian Medical Centre

PATHANAMTHITTA-689 645

KERALA

## വചനത്തിൻെറ സുവണ്ണം

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ചെയ്ത 52 ഞായറാഴ്ചകളിൽ വി. കർബ്ബാന മദ്ധ്യേ നടത്തുന്ന പ്രസംഗങ്ങൾ പ്രഭാഷണങ്ങൾ ഹെറാൾഡ് ഓഫീസ് ദേവലോകം, ഓത്തഡോക്സ് ചർച്ച് ബുക്കു ഹൗസ് കോട്ടയം, സി. എൽ എസ്. ബുക്ക്ഷോപ്പ് തിരുവല്ല, പരുമല സെമിനാരി, എം.ജി.ഒ.സി.എസ്.എം.ബുക്ക് ഡിപ്പോ കോട്ടയം, സെൻറ് സ്റ്റീഫൻസ് ബുക്ക് ഷോപ്പ് പത്തനംതിട്ട എന്നിവിടങ്ങളിൽ വിതരണത്തിന് ലഭിക്കുന്നതാണ്.

വൈദികർക്കും സുവിശേഷപ്രസംഗകർക്കും

ഒരുത്തമ റഫറൻസ് ഗ്രന്ഥം

വില 50 രൂപാ.

*With Best Compliments From:*

## Catholicate College

**Pathanamthitta**

തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ദാനിയേൽ മാർ പീലക്സിനോസ് തിരുമനസ്സിലേക്കു് ജന്മദിനാശംസകൾ

- **Staff & Students Catholicate High School**
- **Mar Philexinos Boarding Home**

**PATHANAMTHITTA**


Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038